"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം മൂവാറ്റുപുഴ മുളവൂർ എം.എസ്.എം.എൽ.പി.എസ് ലെ എൽ.പി.എസ്.ടി ശ്രീമതി.കല്യാണിക്കുട്ടി.ജെ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തീർപ്പാക്കിയും ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C)No.21257/2024 നമ്പേലുള്ള വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2759/2025/GEDN തീയതി,തിരുവനന്തപുരം, 21-04-2025

പരാമർശം:- 1) ശ്രീമതി.കല്യാണിക്കുട്ടി.ജെ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 11.05.2024 ലെ റിവിഷൻ ഹർജി.

2) WP(C) 21257/2024 നമ്പർ കേസിലെ 13.06.2024 ലെ വിധിന്യായം

3) മൂവാറ്റുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.12.2024 ലെ എ.ഇ.ഒ. എം.വി.പി/870/2024-സി നമ്പർ കത്ത്.

4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.12.2024 ലെ ആർ.എ2/24231/ 2024/ഡി.ജി.ഇ നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുളവൂർ എം.എസ്.എം.എൽ.പി.എസ് ന്റെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് എൽ.പി.എസ്.ടി തസ്തികയിൽ തന്നെ നിലനിർത്തി ശമ്പളാനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട കൊണ്ട് ശ്രീമതി. കല്യാണിക്കുട്ടി.ജെ സർക്കാരിൽ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.21257/2024 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി പരാമർശം (1) റിവിഷൻ ഹർജിയിൽ (എക്സ്ബിറ്റ് പി4) ഹർജിക്കാരിക്കും മാനേജർക്കും ഹിയറിംഗിന് അവസരം നൽകി വിധിപ്പകർപ്പ് ലഭിച്ച് നാല് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്കും മാനേജർക്കും മറ്റു ബന്ധപ്പെട്ട കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"ശ്രീമതി.കല്യാണിക്കുട്ടി.ജെ മുളവൂർ എം.എസ്.എം.എൽ.പി.എസ് ൽ 07.06.2017 മുതൽ എൽ.പി.എസ്.റ്റി തസ്തികയിൽ അംഗീകാരത്തോടെ തുടരവെ 2023-24 തസ്തിക നിർണ്ണയ ഉത്തരവിൽ വാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണം ഒന്നാം തരത്തിൽ 85 ഉം രണ്ടാം തരത്തിൽ 88 ഉം ആയി കുറഞ്ഞതിനാൽ രണ്ട് എൽ.പി.എസ്.റ്റി തസ്തികകൾ നഷ്ടപ്പെടുകയുണ്ടായി. 2023-24 അദ്ധ്യയന വർഷം 6-ാം പ്രവർത്തി ദിനത്തിൽ ഒന്നാം

തരത്തിൽ 95 ഉം രണ്ടാം തരത്തിൽ 94 ഉം കുട്ടികൾ ഉണ്ടായിരുന്നെങ്കിലും വാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണം മാത്രം കണക്കിലെടുത്ത് 3 ഡിവിഷനുകൾ മാത്രമാണ് അനുവദിച്ചത്. പിന്നീട് 04.12.2023 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണയിൽ സ്കൂളിലെ എല്ലാ കുട്ടികളുടെയും ഡിവിഷൻ വൈസ് യു.ഐ.ഡി അപ് ലോഡ് ചെയ്തിട്ടുണ്ടെങ്കിലും തസ്തിക നിർണ്ണയ ഉത്തരവ് പുന:പരിശോധിക്കുകയോ/ പരിഷ്കരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ടി സാഹചര്യത്തിൽ 2023-24 തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിക്കുകയോ/പരിഷ്കരിക്കുകയോ ചെയ്ത് അബോളിഷ് ചെയ്ത 2 എൽ.പി.എസ്.റ്റി തസ്തികകൾ പുനഃസ്ഥാപിച്ച് നൽകുന്നതിനും തനിക്ക് 15.07.2023 മുതൽക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിനും ഉത്തരവ് ഉണ്ടാകണം. "

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, മുളവൂർ എം.എസ്.എം.എൽ.പി.എസ് ൽ 2023-24 അധ്യയന വർഷം 6-ാം പ്രവർത്തി ദിവസത്തെ കണക്ക് പ്രകാരം ഒന്ന്, രണ്ട് ക്ലാസ്സുകളിൽ യഥാക്രമം 95, 94 എന്നിങ്ങനെ കുട്ടികൾ ഉണ്ടായിരുന്നു. ടി വർഷത്തെ തസ്തിക നിർണ്ണയത്തിൽ വാലിഡ് UID ഉള്ള വിദ്യാർത്ഥികളെ മാത്രം പരിഗണിച്ചതിനെത്തുടർന്ന് മേൽ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം 85, 88 എന്നിങ്ങനെ കുറയുകയും അതിന്റെ ഫലമായി മുൻ വർഷത്തെ അപേക്ഷിച്ച് 2 ഡിവിഷനുകളും രണ്ട് എൽ.പി.എസ്.റ്റി തസ്തികകളും നഷ്ടം വന്നതിനാൽ ജൂനിയർ അധ്യാപകരായ ശ്രീ. ജാബി കാസിം, ശ്രീമതി. കല്യാണിക്കുട്ടി.ജെ എന്നിവർക്ക് സംരക്ഷണാനുകൂല്യം ലഭിക്കാത്തതിനാൽ പുറത്താകുകയും ചെയ്തു. ആറാം പ്രവർത്തി ദിവസത്തിൽ ഹാജരായെങ്കിലും ആധാർ കാർഡ് ഇല്ലാത്തതിനാൽ വിവരങ്ങൾ സമ്പൂർണ്ണയിൽ അപ് ലോഡ് ചെയ്യാൻ കഴിയാതിരുന്ന കുട്ടികളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് 04.12.2023 ലെ സർക്കുലർ പ്രകാരം ഡിസംബർ 11, 12 തീയതികളിൽ പ്രധാന അധ്യാപകർക്ക് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസിലെ 7 കുട്ടികളുടെയും രണ്ടാം ക്ലാസിലെ 4 കുട്ടികളുടെയും വിവരങ്ങൾ സമ്പൂർണ്ണയിൽ അപ് ലോഡ് ചെയ്തിരുന്നു. തസ്തിക നിർണ്ണയത്തിനു ശേഷം യു.ഐ.ഡി ലഭിച്ച കുട്ടികളുടെ വിവരങ്ങൾ സമ്പൂർണ്ണയിൽ അപ് ലോഡ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും തസ്തിക നിർണ്ണയത്തിനായി അവരെ പരിഗണിച്ച് പുനർ നിർണ്ണയം നടത്തുന്നതിനായി സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ നഷ്ടപ്പെട്ട 2 എൽ.പി.എസ്.ടി തസ്തികകൾ 2023-24 അധ്യയന വർഷത്തിൽ പുനഃസ്ഥാപിക്കാൻ കഴിയില്ല. KER അദ്ധ്യായം XXIII ചട്ടം 14 (1) പ്രകാരം ആറാം പ്രവർത്തി ദിവസം റോളിൽ ഉള്ളതും യു.ഐ.ഡി ഉള്ളതുമായ കുട്ടികളെ മാത്രമേ തസ്തിക നിർണ്ണയത്തിനായി പരിഗണിക്കാൻ സാധിക്കൂ. 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ വാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനാൽ നഷ്ടപ്പെട്ട രണ്ട് എൽ.പി.എസ്.ടി തസ്തികകളെ ഈ വർഷം അധിക തസ്തികയായി ഉൾപ്പെടുത്തുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. മുളവൂർ എം.എസ്.എം. എൽ.പി.എസ് ൽ 2023-24 അധ്യയന വർഷം 6-ാം പ്രവർത്തി ദിവസത്തെ കണക്ക് പ്രകാരം മതിയായ എണ്ണം കുട്ടികൾ ഉണ്ടായിരുന്നെങ്കിലും വാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളെ മാത്രം തസ്തിക നിർണ്ണയത്തിന് പരിഗണിച്ചതിനാൽ 2 എൽ.പി.എസ്.ടി തസ്തികകൾ നഷ്ടപ്പെടുകയും സംരക്ഷണ ആനുകൂല്യം ഇല്ലാത്തതിനാൽ ഹർജിക്കാരി ഉൾപ്പടെ രണ്ട് പേർ പുറത്താവുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

04.12.2023 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണയിൽ അപ് ലോഡ് ചെയ്തിട്ടുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2023-24 ലെ തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിക്കുകയോ/പരിഷ്കരിക്കുകയോ ചെയ്ത് അബോളിഷ് ചെയ്ത 2 എൽ.പി.എസ്.ടി തസ്തികകൾ പുനഃസ്ഥാപിച്ച് 15.07.2023 മുതലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം. 04.12.2023 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ പ്രകാരം ഒന്നാം ക്ലാസിലെ 7 കുട്ടികളുടെയും രണ്ടാം ക്ലാസിലെ 4 കുട്ടികളുടെയും വിവരങ്ങൾ സമ്പൂർണ്ണയിൽ അപ് ലോഡ് ചെയ്തിരുന്നെങ്കിലും ഇവരെ പരിഗണിച്ച് പുനർനിർണ്ണയം നടത്തുന്നതിനായി സർക്കാരിൽ നിന്ന് നിർദ്ദേശങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ നഷ്ടപ്പെട്ട 2 എൽ.പി.എസ്.ടി തസ്തികകൾ 2023-24 അധ്യയന വർഷത്തിൽ പുനഃസ്ഥാപിച്ചിട്ടില്ല എന്നും ടി കുട്ടികൾ ആ അധ്യായന വർഷം ടി സ്കൂളിൽ തുടർന്നിരുന്നതുമാണ് എന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, മുളവൂർ എം.എസ്.എം.എൽ.പി.എസ് ൽ 08.08.2023 തീയതിയിൽ വാലിഡ് യു.ഐ.ഡി ഉള്ള (i.e, പുതുതായി യു.ഐ.ഡി. നേടിയതോ അഥവാ ഇൻവാലിഡ് യു.ഐ.ഡി വാലിഡ് ആക്കി ലഭ്യമാക്കിയതോ ആയ) കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് ടി സ്കൂളിന്റെ 2023-24 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ചു നൽകുന്നതിന് മൂവാറ്റുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിയും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മൂവാറ്റുപുഴ
മാനേജർ/ഹെഡ്മാസ്റ്റർ/ശ്രീമതി.കല്യാണിക്കുട്ടി.ജെ, എൽ.പി.എസ്.ടി, എം.എസ്.എം.
എൽ.പി.എസ്, മുളവൂർ, മൂവാറ്റുപുഴ, എറണാകുളം-686 673.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 21-04-2025 15:22:48
സെക്ഷൻ ഓഫീസർ